# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് നിയമസഭാ സാമാജികരിൽ നിന്നുള്ള ഒരു അംഗത്തിന്റെ തെരഞ്ഞെടുപ്പ്

[1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ആക്റ്റിന്റെ 12-ാം വകുപ്പിലെ സിൻഡിക്കേറ്റ് എന്ന ശീർഷകത്തിലെ 'തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ' എന്ന ഇനം അനുസരിച്ച്]

### വിജ്ഞാപനം

നമ്പർ 4985/ലെജിൻ-3/2015/നി.സെ. തിരുവനന്തപുരം, 2015 സെപ്റ്റംബർ 22.

1994-ലെ 5-ാം നമ്പർ ആക്റ്റായ 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലെ 12-ാം വകുപ്പും, 1997-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഒന്നാം ഭേദഗതിയായി കൂട്ടിച്ചേർത്ത അദ്ധ്യായം XVIII-ഉം ചേർന്ന് സ്പഷ്ടമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭാ സാമാജികരിൽ നിന്നും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ സിൻഡിക്കേറ്റിലേക്ക് ഒരംഗത്തെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ചുവടെ പേർ ചേർത്തിട്ടുള്ള വരണാധികാരിയായ ഞാൻ ഇതിനാൽ അറിയിക്കുന്നതെന്തെന്നാൽ;

1. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റിൽ നിലവിലുള്ള ഒരു ഒഴിവ് നികത്തുന്നതിനായി കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ആനുപാതിക പ്രാതിനിധ്യമനുസരിച്ച് കേരള നിയമസഭാ സാമാജികരിൽ നിന്ന് ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

2. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2015 ഒക്ടോബർ മാസം 6-ാം തീയതി ചൊവ്വാഴ്ചക്കപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവു ദിവസങ്ങളൊഴികെ) പകൽ 11 മണിക്കും 4 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയെ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2015 ഒക്ടോബർ മാസം 7-ാം തീയതി, ബുധനാഴ്ച പകൽ 11 മണിക്ക് നാമനിർദ്ദേശപത്രികകൾ സൂക്ഷ്മ പരിശോധനയ്ക്ക് എടുക്കുന്നതും, സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്നേദിവസം വൈകിട്ട് 4 മണിക്ക് തന്നെ നിയമസഭാ മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

KNPP. 973/2015.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2015 ഒക്ടോബർ 14-ാം തീയതി, ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി വരണാധികാരിയെ അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽവച്ച് ഏൽപ്പിക്കാവുന്നതാണ്.

6. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2015 ഒക്ടോബർ മാസം 15-ാം തീയതി, വ്യാഴാഴ്ച നിയമസഭാ മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായിവരുന്നപക്ഷം 2015 ഒക്ടോബർ മാസം 20-ാം തീയതി, ചൊവ്വാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

8. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും 2015 നവംബർ മാസം 4-ാം തീയതി, ബുധനാഴ്ച വൈകുന്നേരം 4 മണി ആയിരിക്കുന്നതാണ്.

9. വോട്ടുകളുടെ സൂക്ഷ്മ പരിശോധനയും എണ്ണലും 2015 നവംബർ മാസം 5-ാം തീയതി, വ്യാഴാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

പി. ഡി. ശാരംഗധരൻ,
വരണാധികാരി,
സെക്രട്ടറി,
കേരള നിയമസഭ.